# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 23-11-2024**

### പ്രധാനവാർത്തകൾ

1. ഉപതെരഞ്ഞെടുപ്പിൽ വയനാട് ലോക് സഭാ മണ്ഡലവും പാലക്കാട് നിയമസഭ സീറ്റും നിലനിർത്തി യു.ഡി.എഫ് ; ചേലക്കര മണ്ഡലം എൽ .ഡി.എഫും നിലനിർത്തി ; പാലക്കാട് ബി.ജെ.പി രണ്ടാം സ്ഥാനത്ത്.

2. വയനാട്ടിൽ നാലു ലക്ഷം കടന്ന് പ്രിയങ്കാ ഗാന്ധിയുടെ ഭൂരിപക്ഷം ; പാലക്കാട്ട് രാഹുൽ മാങ്കൂട്ടത്തിലിൻറെ വിജയം 18,000 ലധികം വോട്ടുകൾക്ക്; ചേലക്കരയിൽ യു.ആർ പ്രദീപിനും വ്യക്തമായ മേൽക്കൈ.

3. മഹാരാഷ്ട്ര ഭരണം നിലനിർത്തി ബി.ജെ.പി മുന്നണിയായ മഹായുതി ; ഝാർഖണ്ഡിൽ ഐ.എൻ.ഡി.ഐ മുന്നണി അധികാരത്തിലേക്ക്; സദ്ഭരണവും വികസനവുമാണ് മഹാരാഷ്ട്രയിലെ വിജയത്തിന് കാരണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

4. കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് തെരഞ്ഞെടുപ്പ് വിജയമെന്ന് യു ഡി എഫ് ; ഭരണവിരുദ്ധവികാരം പ്രകടമായില്ലെന്ന് സി.പി.എം ; പാലക്കാട്ടെ വോട്ടു കുറവിന്റെ കാരണം പരിശോധിക്കുമെന്ന് ബി.ജെ.പി.

5. പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ.

*****************************

## കേരളം- ജനറൽ

കേരളത്തിൽ ഉപതെരഞ്ഞെടുപ്പ് നടന്ന വയനാട് ലോക് സഭാ മണ്ഡലവും പാലക്കാട് നിയമസഭസീറ്റും നിലനിർത്തി യു.ഡി.എഫ്. ചേലക്കര നിയമസഭാ സീറ്റ് എൽ.ഡി.എഫും നിലനിർത്തി. വയനാട്ടിൽ നാലു ലക്ഷത്തി 10,000-ത്തിലേറെ വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് പ്രിയങ്കാ ഗാന്ധി വിജയിച്ചത്. ശക്തമായ ത്രികോണമൽസരം നടന്ന പാലക്കാട്ട് യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ 18,840 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയം കരസ്ഥമാക്കി. ചേലക്കരയിൽ എൽ.ഡി.എഫിന്റെ യു ആർ പ്രദീപ് 12,201 വോട്ടിനാണ് ജയിച്ചത്. നിയമസഭാ തെരഞ്ഞെടുപ്പ് നടന്ന മഹാരാഷ്ട്രയിൽ 223 സീറ്റിൽ ലീഡ് നേടി ബി ജെ പി ഉൾപ്പെട്ട മഹായുതി സഖ്യം അധികാരം നിലനിർത്തി. മഹാരാഷ്ട്രയിലെ നന്ദേഡ് ലോകസഭാ മണ്ഡലത്തിൽ ബി ജെ പി സ്ഥാനാർത്ഥി ശാന്തുക് റാവു ഹംബർഢേ ലീഡ് ചെയ്യുന്നു. ഝാർഖണ്ഡിൽ 56 സീറ്റിൽ ലീഡ് കരസ്ഥമാക്കി ഐ.എൻ.ഡി.ഐ സഖ്യവും അധികാരമുറപ്പിച്ചു.

*****************************

## വയനാട് (ഇൻട്രോ)

2024ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ വയനാട്ടിൽ രാഹുൽ ഗാന്ധി നേടിയ മൂന്ന് ലക്ഷത്തി 64,422 വോട്ടുകളുടെ ഭൂരിപക്ഷം മറികടന്നാണ് പ്രിയങ്കാ ഗാന്ധിയുടെ വിജയം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്.

(ഹോൾഡ് വോയ്സ്........)

*****************************

പാലക്കാട് (ഇൻട്രോ)

ഇഞ്ചോടിഞ്ച് പോരാട്ടം നടന്ന പാലക്കാട് നിയമസഭ മണ്ഡലത്തിലെ വോട്ടെണ്ണൽ ആകാംക്ഷ ജനിപ്പിക്കുന്നതായിരുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

(ഹോൾഡ് വോയ്സ്.........)

*****************************

ചേലക്കര (ഇൻട്രോ)

ചേലക്കരയിൽ തുടക്കം മുതലേ ലീഡ് നിലനിർത്തിയ എൽഡിഎഫ് സ്ഥാനാർത്ഥി യു.ആർ.പ്രദീപ് വോട്ടെണ്ണലിന്റെ ഓരോ ഘട്ടത്തിലും വ്യക്തമായ മേൽക്കൈ നേടി. 64,827 വോട്ടുകളാണ് അദ്ദേഹം നേടിയത്.

വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.......

(ഹോൾഡ് വോയ്സ്........)

*****************************

## മഹാരാഷ്ട്ര-ഝാർഖണ്ഡ് ജനറൽ

നിയമസഭാ തെരഞ്ഞെടുപ്പ് നടന്ന മഹാരാഷ്ട്രയിൽ മികച്ച പ്രകടനമാണ് ബി ജെ പി ഉൾപ്പെട്ട മഹായുതി സഖ്യം കാഴ്ച്ച വച്ചത്. 288 സീറ്റുകൾ ഉള്ള ഇവിടെ 233 സീറ്റുകളിലാണ് മഹായുതി മുന്നേറ്റം. ബി ജെ പി 133 സീറ്റുകളിലും, ശിവസേന ഷിൻഡെ വിഭാഗം 54 സീറ്റിലും, എൻ സി പി 41 സീറ്റിലും ലീഡ് ചെയ്യുന്നു. മഹാവികാസ് അഖാഡി സഖ്യത്തിൽ കോൺഗ്രസ്സ് 17 സീറ്റുകളിലും, ശിവസേന ഉദ്ധവ് താക്കറെ വിഭാഗം 21 ഇടത്തും എൻ സി പി ശരദ് പവാർ വിഭാഗം 9 സീറ്റുകളിലും മുന്നിലാണ്. 81 സീറ്റുകളുള്ള ജാർഖണ്ഡിൽ ഐ എൻ ഡി ഐ സഖ്യം 56 മണ്ഡലങ്ങളിലാണ് ലീഡ് ചെയ്യുന്നത്. ജെ എം എം 34 സീറ്റ്, ബി ജെ പി 21 സീറ്റ്, കോൺഗ്രസ്സ് 16 സീറ്റ്, ആർ ജെ ഡി 5 സീറ്റ്, എ ജെ എസ് യു പി 1 സീറ്റ് എന്നിങ്ങനെയാണ് ലീഡ് .

*****************************

## പ്രധാനമന്ത്രി പ്രതികരണം

വികസനവും സദ്ഭരണവുമാണ് മഹാരാഷ്ട്രയിൽ വിജയിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മഹാരാഷ്ട്രയുടെ പുരോഗതിക്കായി ബി.ജെ.പി സഖ്യം തുടർന്നും പ്രവർത്തിക്കുമെന്ന് അദ്ദേഹം ജനങ്ങൾക്ക് ഉറപ്പ് നൽകി. ബിജെപിക്ക് പിന്തുണ നൽകിയ ജാർഖണ്ഡിലെ ജനങ്ങൾക്കും പ്രധാനമന്ത്രി നന്ദി പറഞ്ഞു. ജെഎംഎം നേതൃത്വത്തിലുള്ള സഖ്യത്തെയും അദ്ദേഹം അഭിനന്ദിച്ചു.

*****************************

## സംസ്ഥാനങ്ങളിലെ ഉപതെരഞ്ഞെടുപ്പ് ഫലം

15 സംസ്ഥാനങ്ങളിലെ 48 നിയമസഭാ മണ്ഡലങ്ങളിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിന്റെ ഫലവും പ്രഖ്യാപിച്ചു. രാജസ്ഥാനിലെ 7 ൽ 6 ഇടത്ത് ബി ജെ പി യും 1 ഇടത്ത് കോൺഗ്രസും വിജയിച്ചു. പശ്ചിമ ബംഗാളിലെ ആറിൽ ആറ് ഇടത്തും തൃണമൂൽ കോൺഗ്രസ് വിജയിച്ചു. ബിഹാറിലെ രണ്ട് ഇടത്ത് ബിജെപി യും ഒരിടത്ത് J D U വും ഒരിടത്ത് ഹിന്ദുസ്ഥാനി അവാമി മോർച്ചയും വിജയിച്ചു. കർണാടകയിലെ 3 ൽ 3 ഇടത്തും കോൺഗ്രസിനാണ് വിജയം. പഞ്ചാബിൽ നാലിൽ മൂന്ന് ഇടത്ത്എ എ പി യും ഒരിടത്ത് കോൺഗ്രസും വിജയിച്ചു. അസമിലെ 5 ൽ 2 ഇടത്ത് ബി ജെ പി യും ലീഡ് ചെയ്യുന്നു. ഒരിടത്ത് വിജയിച്ചു. ഒരിടത്ത് അസം ഗണ പരിഷത്തും ഒരിടത്ത് യുണൈറ്റഡ് പീപ്പിൾസ് പാർട്ടി ലിബറലും വിജയിച്ചു. മധ്യപ്രദേശിലെ 2 ൽ ഒരിടത്ത് ബി ജെ പി വിജയിച്ചു. ഒരിടത്ത് കോൺഗ്രസ് മുന്നേറുന്നു. ഉത്തർപ്രദേശിലെ 9 നിയമസഭാ മണ്ഡലങ്ങളിൽ 4 ഇടത്ത് ബി ജെ പി വിജയിച്ചു. രണ്ട് ഇടത്ത് ലീഡ് ചെയ്യുന്നു. രണ്ട് ഇടത്ത് സമാജ്‌വാദി പാർട്ടിയും ഒരിടത്ത് രാഷ്ട്രീയ ലോക്ദളും വിജയിച്ചു. സിക്കിമിൽ സോറെങ്-ചഖുങ്, നാംചി-സിംഗിതാങ് എന്നീ രണ്ട് നിയമസഭാ സീറ്റുകളിൽ ഭരണകക്ഷിയായ സിക്കിം ക്രാന്തികാരി മോർച്ച എതിരില്ലാതെ വിജയിച്ചു.

*******************************

## പ്രിയങ്ക ഗാന്ധി- പ്രതികരണം-ഇൻട്രോ

പാർലമെന്റിൽ വയനാടിന്റെ ശബ്ദമാകുമെന്നും രാഹുലിന്റെ പിൻഗാമിയായി വയനാടിനെ പ്രതിനിധീകരിക്കുമെന്നും പ്രിയങ്ക ഗാന്ധി പ്രതികരിച്ചു.

(വോയ്സ്)

*****************************

## യു ഡി എഫ് പ്രതികരണം

വയനാട്ടിലും പാലക്കാടും നല്ല വിജയവും, ചേലക്കരയിൽ നല്ല പ്രകടനവും നടത്താൻ കഴിഞ്ഞത് യു.ഡി.എഫിലെയും കോൺഗ്രസിലെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. വയനാട്ടിൽ പ്രിയങ്ക ഗാന്ധിക്ക് ലഭിച്ച വൻ ഭൂരിപക്ഷം കോൺഗ്രസിന്റെ മതേതര, ജനാധിപത്യ ആശയങ്ങൾക്കു ലഭിച്ച അംഗീകാരമാണെന്ന് കെ പി സി സി അധ്യക്ഷൻ കെ.സുധാകരൻ പറഞ്ഞു.

*****************************

## രാഹുൽ പ്രതികരണം -ഇൻട്രോ

മുന്നണിയുടെ കൂട്ടായ്മയുടെ വിജയം ആണ് പാലക്കാട് ലഭിച്ചതെന്ന് യു ഡി എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ പറഞ്ഞു.

(ഹോൾഡ് വോയിസ്- രാഹുൽ മാങ്കൂട്ടത്തിൽ)

*****************************

## എൽ ഡി എഫ് - പ്രതികരണം

തിരഞ്ഞെടുപ്പിൽ ഒരു ഭരണവിരുദ്ധവികാരവും പ്രകടമായില്ലെന്നും, മൂന്നാം ഭരണത്തിലേക്ക് എൽഡിഎഫ് പോകുമെന്നതിന്റെ സൂചനയാണ് തെരഞ്ഞെടുപ്പ് ഫലമെന്നും സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പ്രതികരിച്ചു. പാലക്കാട് എൽഡിഎഫ് വലിയ മുന്നേറ്റം നടത്തിയെന്നും, കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പുകളെ അപേക്ഷിച്ച് വോട്ട് വർധിപ്പിക്കാനായെന്നും മന്ത്രി എം ബി രാജേഷ് പറഞ്ഞു.

******************************

## യു.ആർ പ്രദീപ് പ്രതികരണം ഇൻട്രോ

സാധാരണക്കാരന്റെ ജീവിതപ്രശ്നങ്ങൾ സംസ്ഥാന സർക്കാർ പരിഹരിക്കാൻ ശ്രമിച്ചുവെന്നും അതിന്റെ തെളിവാണ് ചേലക്കരയിലെ വിജയമെന്നും എൽ ഡി എഫ് സ്ഥാനാർഥി യു ആർ പ്രദീപ് പ്രതികരിച്ചു.

(ഹോൾഡ് വോയിസ്- യു ആർ പ്രദീപ്)

******************************

## എൻ ഡി എ - പ്രതികരണം

പാലക്കാട് വോട്ടു ശതമാനത്തിലുണ്ടായ കുറവിന്റെ കാരണം പരിശോധിക്കുമെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ പാലക്കാട് വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. ആത്മപരിശോധനക്കുള്ള അവസരമായി തെരഞ്ഞെടുപ്പുഫലം പരിഗണിക്കുമെന്ന് പാലക്കാട്ടെ ബി.ജെ.പി സ്ഥാനാർത്ഥി സി കൃഷ്ണകുമാർ പറഞ്ഞു.

******************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 116-ാാം പതിപ്പാണിത്. ആകാശവാണിയുടേയും ദൂരദർശന്റേയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന് പ്രാദേശിക ഭാഷകളിലും മൻ കി ബാത് കേൾക്കാവുന്നതാണ്.

*******************************

## സർവകക്ഷി യോഗം ശീതകാലസമ്മേളനം

തിങ്കളാഴ്ച ആരംഭിക്കുന്ന പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാർ വിളിച്ച സർവകക്ഷി യോഗം നാളെ നടക്കും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിലാണ് യോഗം. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ ഉറപ്പാക്കുന്നതിനാണ് യോഗം. ഡിസംബർ 20 വരെയാണ് ശീതകാല സമ്മേളനം.

*******************************

## വൈക്കത്തഷ്ടമി... ഇൻട്രോ

വൈക്കത്തഷ്ടമി ദിനമായ ഇന്ന് വൈക്കം മഹാദേവ ക്ഷേത്രത്തിൽ വൻ ഭക്തജന തിരക്ക്. തിങ്കളാഴ്ച മുക്കുടി നിവേദ്യത്തോടെ അഷ്ടമി ഉൽസവത്തിന് കൊടിയിറങ്ങും.

വിശദാംശങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു..........

(വോയ്സ്)

*****************************

## മുനമ്പം- മുഖ്യമന്ത്രി

മുനമ്പം വിഷയത്തിൽ താമസക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാതെ പ്രശ്നം പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മുനമ്പം സമര സമിതിയുമായി ഓൺലൈനായി നടത്തിയ ചർച്ചയിലാണ് മുഖ്യമന്ത്രി ഇക്കാര്യം ഉറപ്പ് നൽകിയത്. ഭൂപ്രശ്നത്തിന് ശാശ്വതമായി പരിഹാരം കാണാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും രേഖകൾ ഉള്ള ഒരാളെ പോലും കുടിയൊഴിപ്പിക്കില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി

*****************************

## കാലാവസ്ഥ

സംസ്ഥാനത്ത് അടുത്ത 5 ദിവസം ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥ വകുപ്പ്. തെക്കൻ ആൻഡമാൻ കടലിനു മുകളിലായി രൂപപ്പെട്ട ചക്രവാതച്ചുഴി, തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിനു മുകളിൽ ന്യുനമർദ്ദമായി ശക്തി പ്രാപിച്ചതാണ് മഴക്ക് സാഹചര്യമൊരുങ്ങുന്നത്. തിങ്കളാഴ്ചയോടെ തെക്കൻ ബംഗാൾ ഉൾക്കടലിനു മുകളിലെത്തി തീവ്ര ന്യുനമർദ്ദമായി ശക്തി പ്രാപിക്കും.

*****************************

## വെട്ടുകാട് -പെരുനാൾ

തിരുവനന്തപുരം വെട്ടുകാട് മാദ്രെ - ദെ ദേവൂസ് ദേവാലയത്തിലെ തിരുനാൾ പുരോഗമിക്കുന്നു. നാളെ വൈകുന്നേരം നടക്കുന്ന തിരുനാൾ പൊന്തിഫിക്കൽ സമൂഹ ദിവ്യബലിക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപതാ ആർച്ച് ബിഷപ്പ് തോമസ് ജെ.നെറ്റോ മുഖ്യകാർമികത്വം വഹിക്കും. 29-ന് തിരുനാളിനു കൊടിയിറങ്ങും. പെരുന്നാളിനോട് അനുബന്ധിച്ച് ഇന്ന് രാത്രി 10 മണി വരെയും നാളെ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 3 മണി വരെയും പ്രദേശത്ത് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

******************************

## കയാക്കിങ് ചാമ്പ്യൻഷിപ്പ്

'കണ്ണൂർ കയാക്കത്തോൺ 2024' ദേശീയ കയാക്കിങ് ചാമ്പ്യൻഷിപ്പ് നാളെ. പറശ്ശിനിക്കടവ് ബോട്ട് ടെർമിനലിൽ നിന്ന് രാവിലെ ഏഴിന് ആരംഭിക്കുന്ന മത്സരം രാവിലെ 10 മണിയോടെ അഴീക്കൽ ബോട്ട് ടെർമിനലിൽ അവസാനിക്കും. 11 കിലോ മീറ്റർ ദൂരത്തിലാണ് മത്സരം.

******************************

## വർക്ക് നിയർ ഹോം-പദ്ധതി

സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച വർക്ക് നിയർ ഹോം പദ്ധതിയുടെ ഭാഗമായ സംസ്ഥാനത്തെ ആദ്യ വർക് നിയർ ഹോം സെൻററിൻറെ നിർമ്മാണോദ്ഘാടനം ധനമന്ത്രി കെ എൻ ബാലഗോപാൽ കൊട്ടാരക്കരയിൽ നിർവഹിച്ചു. ഐടിയിലും അനുബന്ധ മേഖലകളിലും പ്രവർത്തിക്കുന്ന

സ്ഥാപനങ്ങൾക്കും ജീവനക്കാർക്കും വിദൂരമായി ജോലി ചെയ്യാനുള്ള സൗകര്യങ്ങൾ ഇവിടെ ലഭ്യമാക്കും.

*****************************

## ടെസ്റ്റ് ക്രിക്കറ്റ്

ബോർഡർ-ഗാവസ്കർ ട്രോഫിക്കായി ഓസ്ട്രേലിയക്കെതിരെ പെർത്തിൽ നടക്കുന്ന ആദ്യ ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിനം കളി നിർത്തുമ്പോൾ ഇന്ത്യക്ക് 218 റൺസിന്റെ മികച്ച ലീഡ്. രണ്ടാം ഇന്നിങ്സിൽ വിക്കറ്റ് നഷ്ടമാകാതെ ഇന്ത്യ 172 റൺസ് നേടി. ഇന്ത്യയുടെ 150 റൺസിനെതിരെ ആദ്യ ഇന്നിങ്സിൽ ഓസ്ട്രേലിയ 104 റൺസിന് പുറത്തായിരുന്നു. ഇന്ത്യൻ ക്യാപ്റ്റൻ ജസ്പ്രീത് ബുംറ അഞ്ചുവിക്കറ്റ് നേടി.

*****************************

## റെസ്ലിങ് - ചാമ്പ്യൻഷിപ്പ്

റെസ്ലിങ് ലോക മിലിട്ടറി ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 76 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ റിതിക ഹൂഡക്ക് സ്വർണ്ണം. അർമേനിയയിൽ ഇന്നലെ നടന്ന മത്സരത്തിലാണ് റിതികയുടെ വിജയം.

*****************************

## ഐ എഫ് എഫ് ഐ

ഗോവയിലെ 55-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ മൂന്നാം ദിനമായ ഇന്നും തിയേറ്ററുകളിൽ സിനിമാസ്വാദകരുടെ കനത്ത തിരക്ക്. വിവിധ വിഭാഗങ്ങളിലായി 70 ഓളം ചിത്രങ്ങളാണ് ഇന്നും പ്രദർശിപ്പിക്കുന്നത്. ഈ മാസം 28 വരെ നടക്കുന്ന

മേളയിൽ 81 രാജ്യങ്ങളിൽ നിന്നുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നുണ്ട്.

*****************************

## എ എം ആർ അവബോധം -മന്ത്രി പി പ്രസാദ്

ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന എ എം ആർ നിയന്ത്രണ പരിപാടി '**അമരം**' ജില്ലാതല ഉദ്ഘാടനം മന്ത്രി പി പ്രസാദ് മുഹമ്മയിൽ നിർവഹിച്ചു. ആൻറിബയോട്ടിക്കുകളുടെ ശരിയായ ഉപയോഗം സംബന്ധിച്ച് അവബോധം സൃഷ്ടിക്കേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു. അവയുടെ ദുരുപയോഗവും അശാസ്ത്രീയമായ പ്രയോഗവും, മരുന്നുകളോട് രോഗാണുക്കൾ പ്രതികരിക്കാത്ത സാഹചര്യമുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

*****************************

## ഭരണ ഘടന-ചീഫ് സെക്രട്ടറി

നിയമങ്ങൾ നടപ്പിലാക്കുന്നതും വ്യാഖ്യാനിക്കുന്നതും ഭരണഘടനയുടെ അന്തസത്ത ഉൾക്കൊണ്ടാകണമെന്ന് ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ. സെക്രട്ടേറിയറ്റിൽ നിയമവകുപ്പ് സംഘടിപ്പിച്ച അഖിലകേരള ഭരണഘടനാ പ്രസംഗ മത്സരം ഉദ്ഘാടനം ചെയ്യുകയായിരുന്നു ചീഫ് സെക്രട്ടറി.

*****************************

## സൗജന്യ ലാപ്ടോപ്പ് വിതരണം

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളുടെ പ്രൊഫഷണൽ

കോഴ്സിനു പഠിക്കുന്ന കുട്ടികൾക്കുള്ള സൗജന്യ ലാപ്ടോപ്പ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിങ്കളാഴ്ച്ച മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ വൈകിട്ടാണ് പരിപാടി.

******************************

## താലൂക്ക് തല അദാലത്തുകൾ

പൊതുജനങ്ങളുടെ പരാതി പരിഹാരത്തിന് സംസ്ഥാനത്ത് മന്ത്രിമാരുടെ നേതൃത്വത്തിൽ താലൂക്ക് തല അദാലത്തുകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് പൊതുഭരണ വകുപ്പ് ഉത്തരവിറക്കി. ഡിസംബർ 9 മുതൽ ജനുവരി 13 വരെ നടക്കുന്ന അദാലത്തിന് ബന്ധപ്പെട്ട മന്ത്രിമാർക്കാണ് ചുമതല.

*************************************************************************

******************